# PVMALPS BLANGAD

# സ്കൂൾ തല അക്കാദമിക

# മാസ്റ്റർ പ്ലാൻ

## 2025-26

# ഉള്ളടക്കം

ആമുഖം

വിദ്യാലയത്തിന്റെ ലഘു ചരിത്രം

സ്കൂൾ ഒറ്റ നോട്ടത്തിൽ

സ്കൂൾ തല ലക്ഷ്യങ്ങൾ

സ്കൂളിന്റെ ഘടന

കുട്ടികളുടെ സ്കൂൾ പ്രവേശനം/പ്രമോഷൻ/ഹാജർ

സ്കൂളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ചുമതലകൾ

സ്കൂൾ കെട്ടിടം, പരിസരം

സ്കൂൾഭരണപരമായ കാര്യങ്ങൾ

ക്ലാസ്സ് ചാർജ്ജ്

സ്കൂൾ സഹായ സമിതി

അദ്ധ്യാപനം - പരീക്ഷകൾ - വിലയിരുത്തൽ

കുട്ടികളുടെ യാത്രാസൗകര്യങ്ങൾ

പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം

പോഷകാഹാര പരിപാടി (ഉച്ചഭക്ഷണ പരിപാടി)

സ്കൂൾ സുരക്ഷ

സ്കൂൾ ലൈബ്രറി വിപുലീകരണം - ക്ലാസ്സ് ലൈബ്രറി വിപുലീകരണം

വായനാമൂല വിപുലീകരണം

സ്കൂൾ ആരോഗ്യ പദ്ധതി

വിദ്യാരംഗം കലാസാഹിത്യസമിതി

സ്കൂൾ തലകാർഷിക പദ്ധതി

ലഹരി വിമുക്ത വിദ്യാലയം

ദിനാചരണങ്ങൾ

വിവിധ ക്ലാസ്സുകളുടെ രൂപീകരണം

ഗൃഹസന്ദർശന പരിപാടി

വിദ്യാലയം - നാടിന്റെ പുരോഗതിക്ക്

ബ്ലാങ്ങാട് ദേശം വിദ്യാലയത്തിന്റെ പുരോഗതിക്ക്

അക്കാദമിക മാസ്റ്റർപ്ലാൻ ക്ലാസ്സ് തല ലക്ഷ്യങ്ങൾ

ഉപസംഹാരം

# ആമുഖം

അക്കാദമിക മികവിലൂന്നിക്കൊണ്ട് [illegible]മേന്മ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സാദ്ധ്യമാകൂ എന്ന വലിയൊരു തിരിച്ചറിവിന്റെ പ്രതിഫലനമാണ് അക്കാദമിക മാസ്റ്റർപ്ലാൻ നിർവ്വഹണപദ്ധതി. ഓരോ മേഖലയിലും കുട്ടി കൈവരിക്കേണ്ട ശേഷിയുമായി ബന്ധപ്പെടുത്തി അവസ്ഥാ വിശകലനം നടത്തുകയും പഠിതാക്കൾക്ക് അനുഭവപ്പെടുന്ന പ്രയാസ മേഖലകൾ കണ്ടെത്തുകയും അവയെ അതിജീവിക്കുന്നതിന് കുട്ടിയെ പ്രാപ്തനാക്കാനുതകുന്ന വൈവിധ്യങ്ങളായ പ്രവർത്തനങ്ങളുടെ സമയബന്ധിതമായ പ്ലാനിങ്ങാണ്. ഇവിടെ ന[illegible] മുഖ്യമായും ഉദ്ദേശിക്കുന്നത്. സ്കൂൾ H.M. വാർഡ്മെമ്പർമാർ. ബി.ആർ.സി പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന മോണിറ്ററിംഗ്യൂണിറ്റ്ഈപ്രവർത്തനപദ്ധതിയുടെ പുരോഗതിയ്ക്ക് നിർണ്ണായകമായ പിന്തുണ നൽകുന്നതാണ്. അക്കാദമിക മാസ്റ്റർപ്ലാൻ നിർവ്വഹണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിലൂടെ നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിയെടുക്കാൻ നമുക്ക് സാധിക്കും. സമയബന്ധിതമായി നടത്തുന്ന വ്യക്തമായ മുന്നൊരുക്കങ്ങൾ ഈ പ്രവർത്തനപദ്ധതിയുടെ മുഖ്യമായ സവിശേഷതയാണ്. പാഠ്യവിഷയങ്ങൾക്കപ്പുറം പഠിതാക്കളുടെ സർഗ്ഗാത്മകമായ കഴിവുകളുടെ വികസനത്തിനുതകുന്ന ടാലന്റ് ലാബുകളുടെ പ്രവർത്തനം നമ്മുടെ കുട്ടികളുടെ സമഗ്രവികസനത്തിന് വഴി തെളിയിക്കും എന്ന കാര്യം നിസ്സംശയമാണ്.

# വിദ്യാലയത്തിന്റെ ലഘു ചരിത്രം.

ചാവക്കാട് ടൗണിൽ നിന്നും 2 1/2 കിലോമീറ്റർ തെക്കുപടിഞ്ഞാറായി കടപ്പുറം പഞ്ചായത്തിലെ ബ്ലാങ്ങാട് 4-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം 1916ൽ ബ്ലാങ്ങാട് ഓത്തുപള്ളിക്കൂടത്തിൽ പിറവിയെടുത്തു. കടലും കായലും ചുറ്റപ്പെട്ടു കിടക്കുന്ന ബ്ലാങ്ങാട് നിവാസികൾക്ക് അന്ന് വരെ അക്ഷരങ്ങൾ അന്യമായിരുന്നു. പിന്നോക്കാവസ്ഥയിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടേയും, കാർഷികത്തൊഴിലാളികളുടേയും , ബീഡിത്തൊഴിലാളികളുടേയും മക്കൾക്ക് സ്കൂൾ പഠനം ഒരു കേട്ടുകേൾവി ആയിരുന്നു. ഇതിനൊരു മാറ്റം വരുത്തിയാണ് 1916ൽ സ്കൂൾ നിലവിൽ വന്നത്. ബ്ലാങ്ങാട് ഗ്രാമത്തിലെ കുട്ടികളുടെ മതപഠനത്തിനായി ഉപയോഗിച്ചിരുന്ന ഓത്തുപള്ളിക്കൂടമാണ് സ്കൂൾ ആയി രൂപാന്തരപ്പെട്ടത്. രാവിലെ മദ്രസാ പഠനം 10 മണിക്ക് സ്കൂൾ പഠനം ഓലമേഞ്ഞ ഈ ഓത്തുപള്ളിക്കൂടം ഒരു കൊടുങ്കാറ്റിൽ നിലം പൊത്തി.

കുട്ടികളുടെ പഠനം മുടങ്ങുമോ എന്നതായിരുന്നു രക്ഷിതാക്കളുടെ ഭയം. അവരുടെ ആശങ്കയ്ക്ക് വിരാമമിട്ട് 192[illegible] ൽ പുത്തൻപുരയ്ക്കൽ മുഹമ്മദുണ്ണി സ്കൂൾ ഏറ്റെടുത്തു. അദ്ദേഹത്തിന്റെ നിര്യാണത്തെത്തുടർന്ന് 1941ൽ ഉമ്മർ മൗലവി സ്കൂൾ മാനേജരായി. 1966ൽപുത്തമ്പുള്ളി വേലായുധൻ സ്കൂൾ മാനേ

ജരായതോടെ സ്കൂളിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്തി സ്കൂൾ കെട്ടിടത്തിന് മാറ്റം വന്നതോടെ കുട്ടികളുടെ പഠനനിലവാരവും മികച്ചതായി. സ്കൂളിന്റെ ഇന്നത്തെ ഉയർച്ചക്ക് ഇവിടുത്തെ മുൻപ്രധാന അദ്ധ്യാപകരുടെ പങ്ക് വലുതായിരുന്നു. പി. വി മുഹമ്മദുണ്ണി മാസ്റ്റർ, പി. ടി ഡേവീസ് മാസ്റ്റർ എന്നിവരുടെ സേവനം പ്രശംസനീയമാണ്.

1986 - ൽ ആണ് ഇന്നത്തെ മാനേജർ പി. വി രവീന്ദ്രൻ ചുമതലയേറ്റത്. അദ്ദേഹത്തിന്റെ മാതാവും, അദ്ധ്യാപികയുമായ അമ്മു ടീച്ചറുടെ പ്രേരണയിലാണ് സ്കൂൾ കെട്ടിടത്തിന് കാതലായ മാറ്റം വരുത്താൻ മാനേജർ പി. വി. രവീന്ദ്രൻ തീരുമാനിച്ചത്. ഇത് സ്കൂളിന്റെ മാത്രമല്ല നാടിന്റെ തന്നെ മുഖച്ഛായ മാറ്റി. എല്ലാ സൗകര്യങ്ങളോടുംകൂടിയ മൂന്ന്നില കെട്ടിടം നാടിന്റെ അഭിമാനമാണ്. വിവിധ കാലയളവിൽ ഒട്ടേറെ ബഹുമതികൾ സ്കൂളിനെ തേടിയെത്തി. രക്ഷാകർത്തൃ സംഘടനകളുടേയും, അദ്ധ്യാപകരുടേയും, മാനേജരുടേയും സന്നദ്ധ സംഘടനകളുടേയും, നാട്ടുകാരുടേയും കൂട്ടായ ശ്രമഫലമായി വലിയതോതിലുള്ള പുരോഗതി സ്കൂളിന് കൈവരിക്കാൻ കഴിഞ്ഞു.

1999-ൽ കിട്ടിയ ജില്ലയിലെ ബെസ്റ്റ് പി. ടി. എ അവാർഡും 2000 ത്തിൽ ലഭിച്ച സിറ്റി സൺഫോറത്തിന്റെ ബെസ്റ്റ് എൽ. പി. സ്കൂൾ അവാർഡും വിദ്യാഭ്യാസ രംഗത്തുള്ള ഈ സ്കൂളിന്റെ പുരോഗതിയുടെ നേർസാക്ഷ്യങ്ങളാണ്. നിരവധി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഉപജില്ലാ പ്രവൃത്തി പരിചയമേളകൾ, കലാമേളകൾ വിജ്ഞാനോത്സവം എന്നിവയിൽ ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ ഈ സ്കൂളിനെ കൂടുതൽ പ്രശംസനീയമാക്കുന്നു.

## സ്കൂൾ തല ലക്ഷ്യങ്ങൾ

1. ഓരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
2. ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
3. കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കികൊടുക്കുക.
4. പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
5. ICT അധിഷ്ഠിതപഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
6. പ്ലാസ്റ്റിക് വിമുക്തവിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
7. പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
8. കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
9. ലഹരിവസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.
10. പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനനല്കി മുഖ്യധാരയിലെത്തിക്കുക.

## സ്ക്കൂളിന്റെ ഘടന

കുട്ടികൾ അവരുടെ പ്രായത്തിനനുസരിച്ച് ഔപചാരികമായി പ്രഖ്യാപിക്കപ്പെട്ട പാഠ്യപദ്ധതിയിലൂടെയും അനുബന്ധപ്രവർത്തനങ്ങളിലൂടെയും വിവിധങ്ങളായ കഴിവുകൾ ആർജ്ജിക്കുന്നതിനുവേണ്ടി അദ്ധ്യാപകരുടെ കീഴിൽ അദ്ധ്യായനം നടത്തുന്ന സ്ഥാപനങ്ങളാണ് സ്ക്കൂളുകൾ. കേരളത്തിലെ പ്രധാനപ്പെട്ട വകുപ്പുകളിലൊന്നായ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ സ്ക്കൂളുകൾ എങ്ങനെ വിഭജിക്കപ്പെട്ടിരിക്കുന്നു എന്ന് ചർച്ചയിലൂടെ എല്ലാവരേയും ബോധ്യപ്പെടുത്തി.

### കുട്ടികളുടെ സ്ക്കൂൾ പ്രവേശനം / പ്രമോഷൻ/ ഹാജർ

ഒരു സ്ക്കൂൾ വർഷം എന്നു മുതൽ ആരംഭിച്ച് അവസാനിക്കുന്ന തിയ്യതിവരെയാണ് ഒരു മുഴുവൻ അദ്ധ്യായന വർഷം എന്ന ആശയം മനസ്സിലാക്കി കൊടുക്കുന്നു. ഒന്നാം ക്ലാസ്സ് പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ , ക്ലാസ്സിൽ ഉൾക്കൊള്ളാവുന്ന പരമാവധി കുട്ടികളുടെ എണ്ണം, കുട്ടികളുടെ ഹാജരുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ എന്നിവയെപ്പറ്റിയുള്ള കാര്യങ്ങൾ പ്രസ്തുത യോഗത്തിൽ വിശദമായി വിശകലനം ചെയ്തു. ചർച്ചയിൽ പങ്കെടുത്തവർക്ക് പ്രസ്തുക കാര്യങ്ങളെക്കുറിച്ച് വിശദമായി മനസ്സിലാക്കുവാൻ ചർച്ച വളരെ സഹായകരമായി.

## സ്ക്കൂളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ചുമതലകൾ

വ്യത്യസ്ത ചുമതലകൾ നിർവ്വഹിക്കുന്ന നിരവധി ആളുകളുടെ പ്രവർത്തനങ്ങൾ ഏകോപിക്കപ്പെടുമ്പോഴാണ് സ്ക്കൂൾ സുഗമമായി നടക്കുന്നത്. സ്ക്കൂളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ചുമതലകളെപ്പറ്റി ഓരോ ജീവനക്കാർക്കും വ്യക്തത വരുത്തുന്നതിനും പൊതുജനത്തിന് കൂടുതൽ അറിവ് ഈ വിഷയത്തിൽ ആർജിക്കുന്നതിനും ചർച്ചയിലൂടെ സാധിച്ചു.

## സ്ക്കൂൾ കെട്ടിടം, പരിസരം

സ്ക്കൂളിന്റെ പ്രവർത്തനത്തിന് സഹായകരമായ രീതിയിൽ ആവശ്യമായ സ്ഥലസൗകര്യം , കെട്ടിട സൗകര്യം, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ വിദ്യാഭ്യാസ അവകാശനിയമത്തിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നു.

## സ്ക്കൂൾ ഭരണപരമായ കാര്യങ്ങൾ

പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് വരുന്ന അക്കാദമീക കാര്യങ്ങളും ഭരണപരമായ കാര്യങ്ങളും പരസ്പരം ഇടകലർന്നുള്ള സമ്മിശ്ര രീതിയാണ് സ്ക്കൂൾ ഭരണത്തിൽ അനുവർത്തിച്ചു വരുന്നത്. ടൈംടേബിൾ , പിരീഡുകളുടെ എണ്ണം, ക്രമീകരണം എന്നിവയെക്കുറിച്ചെല്ലാം വിശദമായി ചർച്ച നടത്തി ബോധവത്ക്കരണം നടത്താൻ സാധിച്ചു.

### സ്കൂൾ സഹായ സമിതി

പൊതുവിദ്യാലയങ്ങൾ ജനകീയ അടിത്തറയിൽ ഊന്നിക്കൊണ്ടാണ് പ്രവർത്തിച്ചു വരുന്നത്. സ്കൂൾ സഹായസമിതിയുടെ ഘടന , പൂർവ്വ വിദ്യാർത്ഥി സംഘടന, ക്ലാസ്സ്, പി.ടി.എ , വിദ്യാലയ വികസന സമിതി, ജനറൽബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി, എന്നിവയെപ്പറ്റിയെല്ലാം വിശദമായി ചർച്ച ചെയ്യാൻ സാധിച്ചു.

### അദ്ധ്യായനം പരീക്ഷകൾ - വിലയിരുത്തൽ

ഓരോ അദ്ധ്യാപകരും ഏറ്റെടുത്തുള്ള ജോലികൾ കൃത്യമായി നിർവ്വഹിച്ചാൽ മാത്രമേ ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യാൻ കഴിയൂ. ക്ലാസ്സ് മോണിറ്ററിംഗ് ,സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, എസ്. ആർ.ജി. യിൽ നടക്കേണ്ടത്. തുടങ്ങി വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സജീവമായ ചർച്ചകൾ ഈ ഘട്ടത്തിൽ നടന്നു.

### കുട്ടികളുടെ യാത്രസൗകര്യങ്ങൾ

കുട്ടികളെ സ്കൂളിലേക്ക് കൊണ്ടുവരുമ്പോൾ ശ്രദ്ധിക്കേണ്ട വിവിധ വിഷയങ്ങളെക്കുറിച്ച് കൃത്യമായ ചർച്ചകൾ നടത്തുകയും ബോധവത്ക്കരണം നടത്തുകയും ചെയ്തു. കുട്ടികളെ കൊണ്ടു വരുമ്പോൾ ഗതാഗത സംവിധാനം ഒരുക്കുന്നതിന് ഗതാഗതവകുപ്പ് നൽകിയിരിക്കുന്ന ഉത്തരവുകൾ പാലിക്കുന്നതിനായി പ്രത്യേക ശ്രദ്ധ കൊടുക്കുകയും അതിനു വേണ്ട കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാനും ചർച്ച ചെയ്ത് തീരുമാനിച്ചു.

### പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യഭ്യാസം

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ സമപ്രായക്കാരായ സാധാരണ കുട്ടികളോടൊപ്പം മുഖ്യധാര വിദ്യഭ്യാസം പൂർണ്ണതോതിൽ തന്നെ ലഭിക്കുമ്പോഴാണ് വിദ്യാഭ്യാസം അർത്ഥവത്താകുന്നത് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിലെ കുട്ടികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങളെപ്പറ്റി വിശദീകരിക്കുകയും ബോധവത്ക്കരണം നടത്തുകയും ചെയ്യുന്നു.

### പോഷകാഹാര പരിപാടി (ഉച്ചഭക്ഷണ പരിപാടി)

കുട്ടിക്ക് ആരോഗ്യമുള്ള ശരീരവും മനസ്സും പ്രദാനം ചെയ്യുക എന്ന ലക്ഷ്യമാണ് പോഷകാഹാരപരിപാടിയ്ക്കുള്ളത് സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് പോഷകാഹാര പരിപാടി കാര്യക്ഷമമായി നടത്താവുന്നതാണ്. യൂണിഫോറം വിതരണം . കുട്ടികൾക്ക് സൗജന്യഅപകട ഇൻഷുറൻസ് പദ്ധതി മുതലായവയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ വിശദമാക്കുകയും പ്രസ്തുത വിഷയങ്ങളെക്കുറിച്ച് ജനങ്ങളെ കൂടുതലായി ബോധവത്ക്കരണം നടത്തുകയും ചെയ്തു.

## സ്കൂൾമാനുവൽ ചർച്ചയിൽ ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങൾ

### സ്കൂൾ സുരക്ഷ

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ കെട്ടിടത്തിലും മതിലിലും ഉള്ള എല്ലാ പെറിയ പൊത്തുകളും സിമന്റ് ഉപയോഗിച്ച് അടയ്ക്കാൻ തീരുമാനിച്ചു. ഇഴജന്തുക്കൾ സ്കൂളിലെ ക്ലാസ്സ് മുറികളിലേയ്ക്ക് വരാതിരിയ്ക്കാനായി ജനവാതിലുകളിൽ നെറ്റ് പിടിപ്പിച്ചു. കുട്ടികളെ കൊണ്ടു വരുന്ന വാഹനങ്ങളുടെയെല്ലാം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധിച്ചു നേരിട്ട് ഉറപ്പുവരുത്തി. ആസ്ബെസ്റ്റോസ് ഷീറ്റ് മേഞ്ഞ മേൽക്കൂര മാറ്റുന്ന കാര്യം മാനേജരുടെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനിച്ചു. കുട്ടികൾ ഉപയോഗിക്കുന്ന സ്കൂളിലെ കുടിവെള്ള സ്രോതസിന്റെ ഗുണമേന്മ പരിശോധിച്ച് ഉറപ്പു വരുത്തി.

### *സ്കൂൾലൈബ്രറി വിപുലീകരണം ക്ലാസ്സ് ലൈബ്രറി വിപുലീകരണം*

അറിവിന്റെ ലോകം വിപുലമാകുന്നത് വായനയിലൂടെയാണ്. നമ്മുടെ വിദ്യാലയത്തിൽ വൈവിധ്യ പൂർണ്ണമായ പുസ്തകങ്ങൾ അടങ്ങിയ സ്കൂൾലൈബ്രറി നിലവിലുണ്ട്. കൂടുതൽ പുസ്തകങ്ങൾ സ്കൂൾലൈബ്രറിയിലേയ്ക്കും ക്ലാസ്സ് ലൈബ്രറിയിലേക്കും ഉൾപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തന പദ്ധതി നടപ്പിൽ വരുത്താൻ തീരുമാനിച്ചു.

### *വായനാമൂല വിപുലീകരണം*

- കുട്ടികളുടെ വായന പരിപോഷിപ്പിക്കാനായി എല്ലാ ക്ലാസ്സിലും ദിനപത്രങ്ങൾ , ആനുകാലികങ്ങൾ, കുട്ടികളുടെ മാഗസിനുകൾ, മറ്റ് രചനകൾ , ബാലപ്രസിദ്ധീകരണങ്ങൾ എന്നിവ കൂടുതലായി ഉൾപ്പെടുത്തിക്കൊണ്ട് വായനാമൂല വിപുലീകരിക്കാൻ തീരുമാനിച്ചു.

### *സ്ക്കൂൾ ആരോഗ്യപദ്ധതി*

കുട്ടികളുടെ മാനസീകവും ശാരീരികവുമായ ആരോഗ്യം കുട്ടിക്കാലം മുതൽ കൗമാരപ്രായം വരെ ഉറപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സ്ക്കൂളിലെ പ്രീ. കെ.ജി. മുതലുള്ള കുട്ടികളെ സ്ക്രീൻ ചെയ്ത് എന്തെങ്കിലും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവരെ സമീപത്തെ പ്രാഥമികാരോഗ്യകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുകയും കൂടുതൽ ഫോളോഅപ്പുകൾ നടത്താൻ തീരുമാനിക്കുകയും ചെയ്തു.

### *വിദ്യാരംഗം കലാസാഹിത്യവേദി*

വിദ്യാർത്ഥികളുടെ കലാസാഹിത്യ പ്രവർത്തനങ്ങൾക്കുള്ള സ്ക്കൂൾഘടകമാണ് വിദ്യാരംഗം കലാസാഹിത്യ പരിപാടികളും വിദ്യാരംഗത്തിന്റെ നേതൃത്വത്തിലാക്കാൻ തീരുമാനിച്ചു. വിദ്യാരംഗം സ്ക്കൂൾതല കോ-ഓർഡിനേറ്ററെ തിരഞ്ഞെടുത്ത് കൂടുതൽ മികച്ച പ്രവർത്തനങ്ങൾ ഈ വരുന്ന അക്കാദമികവർഷം നടപ്പാക്കാൻ തീരുമാനിച്ചു.

## സ്ക്കൂൾതല കാർഷിക പദ്ധതി

പച്ചക്കറി കൃഷി കൂടുതൽ വിപുലീകരിക്കുന്നതിനും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി യോഗത്തിൽ തീരുമാനമെടുത്തു. വിവിധ ക്ലാസ്സുകളിലെ കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് നിശ്ചിത എണ്ണം ഗ്രോബാഗുകൾ നല്കുന്നതിനും ഗ്രോബാഗുകളിൽ കൃഷി ചെയ്യുന്നതിനായി വിവിധയിനം വിത്തിനങ്ങൾ കുട്ടികൾക്ക് കൊടുക്കാനും തീരുമാനിച്ചു. കൃഷിയുടെ ചുമതല വിവിധ അദ്ധ്യാപകർക്ക് വിഭജിച്ചുനല്കി. സ്ക്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് വിവിധ വിളവുകൾ ഉപയോഗപ്പെടുത്തുവാനായി തീരുമാനിച്ചു.

## ലഹരി വിമുക്ത വിദ്യാലയം

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനായി കഴിഞ്ഞ വർഷങ്ങളിൽ നടത്തി വന്നിരുന്ന ബോധവത്ക്കരണ ക്ലാസ്സുകൾ രക്ഷിതാക്കൾക്ക് ഈ വർഷവും നല്കുന്നതിന് തീരുമാനിച്ചു. ലഹരിയുടെ ദൂഷ്യ ഫലങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കുന്നതിനായി ക്ലാസ്സ് ടീച്ചർമാർ ക്ലാസ്സുകളിൽ കുട്ടികൾക്കനുയോജ്യമായ വിധത്തിൽ നിർദേശങ്ങൾ നല്കണമെന്നും എച്ച്. എം ഓർമ്മപ്പെടുത്തി.

### ദിനാചരണങ്ങൾ

പഠനാനുഭവങ്ങൾ സ്വാഭാവികമായും അർത്ഥ പൂർണ്ണമായും കുട്ടിയ്ക്ക് നൽകുന്നതിന് ദിനാചരണങ്ങളും ആഘോഷങ്ങളും വളരെ പ്രധാന പങ്കു വഹിയ്ക്കുന്നുണ്ട്. ഇതിനായി അക്കാദമിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ഒരു അധ്യാപകനെ ചുമതലപ്പെടുത്താനും വിദ്യാലയത്തിന് ദിനാചരണങ്ങളുടെ കലണ്ടർ തയ്യാറാക്കുവാനും തീരുമാനമായി.

### വിവിധക്ലബ്ബുകളുടെ രൂപീകരണം

കുട്ടികൾക്ക് ഇഷ്ടമുള്ള മേഖലകളിൽ കൂടുതൽ ആഴത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹായകരമാകുന്ന വിവിധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചു. ശുചിത്വക്ലബ്ബ് , ഗണിതക്ലബ്ബ്, കാർഷിക ക്ലബ്ബ്, ജലസംരക്ഷണ ക്ലബ്ബ് മുതലായവ സ്കൂളിൽ രൂപീകരിക്കുന്ന ക്ലബ്ബുകൾക്കുദാഹരണമാണ്.

### ഗൃഹസന്ദർശന പരിപാടി.

കുട്ടിയെ സമഗ്രമായി അറിയുന്നതിന് കുട്ടിയുടെ ജീവിതസാഹചര്യങ്ങളുടെ നേർക്കാഴ്ച അത്യന്താപേക്ഷിതമാണ് അതിനാൽ ഓരോ ടേമിലും ഒരു പ്രാവശ്യമെങ്കിലും അദ്ധ്യാപകർ കുട്ടികളുടെ വീട്ടിലേക്ക് പോകുകയും രക്ഷിതാക്കളുമായി ആശയവിനിമയം നടത്തുകയും ചെയ്യണമെന്ന് യോഗത്തിൽ തീരുമാനിച്ചു.

### വിദ്യാലയം - നാടിന്റെ പുരോഗതിയ്ക്ക്

കേവലം സ്ക്കൂൾ കെട്ടിടത്തിനകത്ത് മാത്രം ഒതുങ്ങി നിൽക്കുന്ന പ്രവർത്തനപദ്ധതികളല്ല നമ്മുടെ വിദ്യാലയം കാഴ്ചവെച്ചിട്ടുള്ളത്. നാടിന്റെ പൊതുവായ പുരോഗതിയ്ക്കുതകുന്ന മികച്ച പ്രവർത്തന പദ്ധതികൾക്ക് ചുക്കാൻ പിടിയ്ക്കാനും വിദ്യാലയങ്ങൾക്ക് കടമയുണ്ട് ആ ഉത്തരവാദിത്വം ഭംഗിയായി നിർവഹിക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട് നമ്മുടെ സ്ക്കൂൾ പി.ടി. എയുടെ ശ്രമഫലമായി കനോലി കനാലിനു കുറുകെ ഒരുമനയൂരിനേയും കടപ്പുറത്തേയും ബന്ധിപ്പിക്കുന്ന ഒരു പാലം യാഥാർത്ഥ്യമാക്കിയെടുക്കാൻ നമുക്ക് സാധിച്ചു.

ബ്ലാങ്ങാട്ദേശത്തു കൂടി ഒഴുകുന്ന മത്തിക്കായൽ നമ്മുടെ പ്രദേശത്തെ പ്രധാനപ്പെട്ട ഒരുജലസ്രോതസ്സാണ്. പായലും ചണ്ടിയും നിറഞ്ഞ് ഒഴുക്ക് നഷ്ടപ്പെട്ട കായലിനെ പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട് നമ്മുടെ നാട്ടിലെ നിർധരരായ വ്യക്തികൾക്ക് നമ്മളാൽ കഴിയുന്നവിധം സാമ്പത്തിക സഹായം നൽകുന്നതിനായി എല്ലാ വർഷവും വിപുലമായ രീതിയിൽ നമ്മുടെ വിദ്യാലയത്തിൽ ഫുഡ്ഫെസ്റ്റ് സംഘടിപ്പിക്കുകയും അതിൽ നിന്നും സ്വരൂപിക്കുന്ന ഫണ്ട് അർഹരായ വ്യക്തികൾക്ക് സഹായധനമായി നല്കുന്നതിനും നമ്മുടെ വിദ്യാലയം എന്നും പ്രതിജ്ഞാബദ്ധമാണ്.

# അക്കാദമിക കലണ്ടർ

**PVMALPS BLANGAD**

**2025-ജൂൺ**

3. പ്രവേശനോത്സവം

5. പരിസ്ഥിതി ദിനം

5. സ്കൂൾ പൂന്തോട്ട നവീകരണം

7. മുന്നേറ്റം പ്രി ടെസ്റ്റ് അക്കാദമികം

7.SRG യോഗം അക്കാദമികം

10. ജനറൽ അസംബ്ലി

14.PTA,MPTA പ്രവർത്തന സമിതി യോഗം സാമൂഹികം

19. വായന വാരം - സാഹിത്യം

19.ക്ലാസ് ലൈബ്രറി ശാക്തീകരണം

21.SRG യോഗം അക്കാദമികം

28.യൂണിറ്റ് ടെസ്റ്റ് അക്കാദമികം

28.പിറ്റേ ജനറൽ ബോഡി സാമൂഹികം

# അക്കാദമിക കലണ്ടർ

**PVMALPS BLANGAD**

**2025 -ജൂലൈ**

1.ജനറൽ അസംബ്ലി

5.ക്ലബ് ഉദ്ഘാടനം

5.ബഷീർ ദിനം

8.SRG യോഗം അക്കാദമികം

12. സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ്

15.ജനറൽ അസംബ്ലി

19.SRG യോഗം അക്കാദമികം

21.ചാന്ദ്ര ദിനം

26-31 ഒളിമ്പിക്സ് 2K25

29-31 യൂണിറ്റ് ടെസ്റ്റ് അക്കാദമികം

# അക്കാദമിക കലണ്ടർ

PVMALPS BLANGAD

**2025 -ആഗസ്ത്**

1.ഒളിമ്പിക്സ് 2K25

2.SRG യോഗം അക്കാദമികം

5.ജനറൽ അസംബ്ലി

6.ഹിരോഷിമ ദിനം ശാസ്ത്രരംഗം

9.ക്വിഡ് ഇന്ത്യ ദിന

12.PTA , MPTA പ്രവർത്തന സമിതി യോഗം -

സാമൂഹികം

15.സ്വാതന്ത്ര ദിനം

16.SRG യോഗം

17.കർഷക ദിനം

19.ജനറൽ അസംബ്ലി

27-30യൂണിറ്റ് അക്കാദമികം

# അക്കാദമിക കലണ്ടർ

**PVMALPS BLANGAD**

## 2025- സെപ്തംബർ

1.ജനറൽ അസംബ്ലി

2,3.റിവിഷൻ അക്കാദമികം

5.അധ്യാപകദിനം

6.SRG യോഗം അക്കാദമികം

13. ഓണാഘോഷം

23.ജനറൽ അസംബ്ലി

24.മിഷൻ എൽ.എസ്.എസ്

26.PTA , MPTA പ്രവർത്തക സമിതി യോഗം

# അക്കാദമിക കലണ്ടർ

PVMALPS BLANGAD

2025-ഒക്ടോബർ

2.ഗാന്ധി ജയന്തി

4.എസ്.ആർ.ജി. യോഗം

7.ജനറൽ അസംബ്ലി

9.ബാലസഭ

14.PTA , മദർ പ്രവർത്തക സമിതി യോഗം

17.ആരോഗ്യ ബോധവത്കരണ ക്ലാസ്

21.ജനറൽ അസംബ്ലി

28-30.യൂണിറ്റ് ടെസ്റ്റ്

# അക്കാദമിക കലണ്ടർ

PVMALPS BLANGAD

**2025-നവംബർ**

1.കേരളപ്പിറവി ദിനം

4.എസ്.ആർ.ജി. യോഗം അക്കാദമികം

7.ജനറൽ അസംബ്ലി

8.PTA , MPTA പ്രവർത്തക സമിതി യോഗം

14.ശിശുദിനം

14.ഫുഡ് ഫെസ്റ്റ്

15.SRG യോഗം

18.ജനറൽ അസംബ്ലി

25-29.യൂണിറ്റ് ടെസ്റ്റ് - അക്കാദമികം

# അക്കാദമിക കലണ്ടർ

PVMALPS BLANGAD

## 2025-ഡിസംബർ

2.ജനറൽ അസംബ്ലി

3.ഭിന്നശേഷി ദിനം

6.SRG യോഗം

8.ബാലസഭ

9-10.റിവിഷൻ

13.PTA , MPTA പ്രവർത്തക സമിതി യോഗം

18.ദേശീയ അറബിഭാഷ ദിനം

20.ക്രിസ്തുമസ് ആഘോഷം

# അക്കാദമിക കലണ്ടർ

PVMALPS BLANGAD

## 2026-ജനുവരി

3.എസ്.ആർ.ജി.യോഗം അക്കാദമികം

6.ജനറൽ അസംബ്ലി

10.PTA , MPTA പ്രവർത്തക സമിതി യോഗം

13ബാലസഭ

15.ജനറൽ അസംബ്ലി

21.വിനോദയാത്ര

26.റിപ്പബ്ലിക് ദിനം

29-31.യൂണിറ്റ് ടെസ്റ്റ്

# അക്കാദമിക കലണ്ടർ

PVMALPS BLANGAD

## 2026-ഫെബ്രുവരി

3.ജനറൽ അസംബ്ലി

7.എസ്.ആർ.ജി.യോഗം അക്കാദമികം

11.ബാലസഭ

18.സ്കൂൾ കായിക മേള

21.എസ്.ആർ.ജി യോഗം

24-28.യൂണിറ്റ് ടെസ്റ്റ്

# അക്കാദമിക കലണ്ടർ

PVMALPS BLANGAD

## 2026-മാർച്ച്

2.ജനറൽ അസംബ്ലി

6.എസ്.ആർ.ജി.യോഗം അക്കാദമികം

7.സ്കൂൾ വാർഷികം

13.PTA , MPTA പ്രവർത്തക സമിതി യോഗം

17.പഠനോത്സവം

18-21.റിവിഷൻ